**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - അച്ചടക്ക നടപടി - ഗുരുവായൂർ നഗരസഭ - ചീഫ് ടൌൺ പ്ലാനർ(വിജിലൻസ്) മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ)നം.1994/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 21/07/2018

---

പരാമർശം:-
1. ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) ന്റെ 13-05-2015 തീയതിയിലെ സി.റ്റി.പി(വിജി)നം.332/15 നമ്പർ കത്ത്.
2. ശ്രീ. രഘുരാമൻ നൽകിയ 19.09.2017 തീയതിയിലെ കുറ്റാരോപണ പത്രം.
3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 23/06/17 തീയതിയിലെ പ്രതിവാദ പത്രിക.
4. 25/11/2017 തീയതിയിൽ ശ്രീ. രഘുരാമൻ സമർപ്പിച്ച കത്ത്.
5. നഗരകാര്യ ഡയറക്ടറുടെ 05/08/2017 തീയതിയിലെ വി1-5140/16 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചീഫ് ടൌൺ പ്ലാനർ വിജിലൻസ് 04/03/2015 മുതൽ 13/03/2015 വരെ ഗുരുവായൂർ നഗരസഭയിൽ നടത്തിയ പരിശോധനയിൽ ശ്രീ. പ്രേംകുമാർ, കുർക്കപ്പറമ്പിൽ, പുത്തൻപള്ളി പ.ഒ, എന്ന വ്യക്തിക്ക് 25/02/2014 തീയതിയിൽ ബി.എ 185/10-11 പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് പെർമിറ്റ് നൽകിയതിൽ കെ.എം.ബി.ആർ 99 ചട്ടം 7(9) എ, 50(2), 34(2) ലംഘനം ഉള്ളതായും അപ്പാർട്ട്മെന്റ് ഏരിയയായി 1975.53 ചതുരശ്ര മീറ്ററും റോ ഹൌസിന്റെ ഏരിയയായി 683.28 ച.മീറ്ററും അപ്രൂവ്ഡ് പ്ളാനിൽ കാണിച്ചിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണ പെർമിറ്റിൽ പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ലായെന്നും കണ്ടെത്തിയതിനെത്തുടർന്ന് ഈ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും കഠിന ശിക്ഷക്കുള്ള കുറ്റാരോപണ പത്രത്തിന് ശ്രീ. രഘുരാമൻ നൽകിയ മറുപടികുറ്റാരോപണ പത്രം നൽകിയിരുന്നു.

കെട്ടിട നിർമ്മാണ അപേക്ഷ ചട്ടപ്രകാരമാണോ എന്ന് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് ചെയ്യേണ്ടത് ബിൽഡിംഗ് ഇൻസ്പെക്ടറുടെ ചുമതലയാണെന്നും നിർമ്മാണ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തി ശുപാർശ ചെയ്തിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അഭാവത്തിൽ ടി ബിൽഡിംഗ് പ്ലാൻ, പെർമിറ്റ് എന്നിവ ഒപ്പം സീലും വച്ച് നൽകിയത് മുനിസിപ്പൽ എഞ്ചിനീയർ ആണെന്നും ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ അപേക്ഷകളുടെ പരിശോധന, നിർമ്മാണം എന്നിവയിന്മേൽ സാങ്കേതിക പരിജ്ഞാനമുള്ള എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്കാണ് ഉത്തരവാദിത്വം എന്ന് ആലപ്പുഴ നഗരസഭയുമായി ബന്ധപ്പെട്ട സമാന വിഷയത്തിൽ 22/04/2015 ലെ 1199/2015 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം വ്യക്തമാക്കിയിട്ടുള്ളതും ആലപ്പുഴ നഗരസഭാ സെക്രട്ടറിമാരായിരുന്ന ശ്രീ. ഇന്ദ്രബാലൻപിള്ള, ശ്രീ. റ്റി. സന്തോഷ് എന്നിവർക്കെതിരെ നടപടിയൊഴിവാക്കി ഉത്തരവായിട്ടുള്ളതുമാണെന്നും ടൌൺ പ്ലാനിംഗ് (വിജിലൻസ്) വിഭാഗം ടി കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പ് അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം കക്ഷികൾക്ക് നോട്ടീസ് നൽകി അപാകതകൾ പരിഹരിക്കുകയും ആയത് വിജിലൻസ് വിഭാഗത്തെ ബോദ്ധ്യപ്പെടുത്തുകയും ഇതേത്തുടർന്ന് ടി ബിൽഡിംഗിന്റെ ലേഔട്ട് അംഗീകരിക്കുകയും കെട്ടിടത്തിന് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകൾ പരിഗണിച്ചും കെട്ടിട നിർമ്മാണം നേരിൽ പരിശോധിച്ചതിൽ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുള്ള അപാകതകൾ പരിഹരിച്ച സാഹചര്യത്തിലും നിലവിൽ ലംഘനങ്ങൾ ഇല്ലെന്നതിനാലും ശ്രീ. രഘുരാമനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷ പ്രധാനമായും കൈകാര്യം ചെയ്യുന്നത് സാങ്കേതിക വിഭാഗം ജീവനക്കാരാണെന്നും സാങ്കേതിക വിഭാഗം ജീവനക്കാരുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് സെക്രട്ടറി അപേക്ഷയിൽ തീരുമാനവും നടപടിയും കൈക്കൊള്ളുന്നതെന്നും എന്നിരുന്നാലും ചട്ടം 50(2), 34(2) ലംഘനം വന്നിട്ടുണ്ടോയെന്ന് ഫയൽ പരിശോധനയിലൂടെ കണ്ടെത്തുന്നതിൽ സെക്രട്ടറിമാർക്ക് ഉത്തരവാദിത്വമുണ്ടെങ്കിലും സെക്രട്ടറിമാരുടെ വർദ്ധിച്ച ജോലിഭാരവും സാങ്കേതിക പരിജ്ഞാനക്കുറവും കണക്കിലെടുക്കേണ്ടതാണെന്നും ടി വസ്തുതകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കാവുന്നതാണെന്നും ചീഫ് ടൌൺ പ്ലാനർ (വിജിലൻസ്) റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപണ പത്രത്തിന് ശ്രീ. രഘുരാമൻ നൽകിയ മറുപടിയുടെയും നഗരകാര്യ ഡയറക്ടർ, ടൌൺ പ്ലാനർ (വിജിലൻസ്)

എന്നിവരുടെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ശ്രീ. രഘുരാമനെതിരായി ആരംഭിച്ച അച്ചടക്ക നടപടി താക്കീത് നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് മുനിസിപ്പാലിറ്റി (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ഗുരുവായൂർ മുനിസിപ്പാലിറ്റി
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**